Malappuram District Police

# 28.06.2017 പെരിന്തൽമണ്ണ

ജില്ലയിലെ എഞ്ചിനീയറിംങ്, മെഡിക്കൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾ കേന്ദ്രീകരിച്ച് കഞ്ചാവ് വിൽപ്പന നടത്തുന്ന സംഘത്തിലെ മൂന്നു പേർ പെരിന്തൽമണ്ണയിൽ പിടിയിലായി. മണ്ണാർക്കാട് അലനല്ലൂർ സ്വദേശി തോണിപ്പാട് രാധാകൃഷ്ണൻ(29), വെട്ടത്തൂർ കാപ്പ് മേൽക്കുളങ്ങര സ്വദേശി ചോലക്കൽ വീട്ടിൽ ആഷിഖ്(23), മണ്ണാർക്കാട് അലനല്ലൂർ കൊച്ചോട്ടുപാറക്കൽ ഖാലിദ്(24) എന്നിവരാണ് അറസ്റ്റിലായത്. രണ്ട് കിലോ കഞ്ചാവും ഇവരിൽ നിന്ന് കണ്ടെടുത്തു. ആശുപത്രികൾ, ആശുപത്രി ഹോസ്റ്റലുകൾ, എഞ്ചിനീയറിംങ് കോളേജുകൾ എന്നിവിടങ്ങളില് വിദ്യാർത്ഥികൾക്ക് വ്യാപകമായി കഞ്ചാവെത്തിക്കുന്ന സംഘത്തിലെ മുഖ്യകണ്ണികളാണിവർ. മണ്ണാർക്കാട്, അട്ടപ്പാടി, അഗളി, കോട്ടത്തറ എന്നിവിടങ്ങളിൽ നിന്നുള്ളവരാണ് ഇവർക്ക് കഞ്ചാവ് നൽകുന്നത്. ലഹരിവിരുദ്ധ ദിനത്തിന്റെ ഭാഗമായി നടത്തിയ പ്രത്യേക വാഹനപരിശോധനയിലാണ് പ്രതികൾ വലയിലായത്. കിലോഗ്രാമിന് 16000 രൂപക്കാണ് ഏജന്റുമാർ ഇവർക്ക് കഞ്ചാവ് എത്തിച്ചുകൊടുക്കുന്നത്. പിന്നീട് ഒന്നാം പ്രതി രാധാകൃഷ്ണന്റെ എടത്തനാട്ടുകരയിലുള്ള വാടകമുറിയിൽ വെച്ചും മേലാറ്റൂർ, മാലാപറമ്പ്, കൊടുകുത്തിമല എന്നിവിടങ്ങളിലെ സങ്കേതകളിൽ വെച്ചും കഞ്ചാവ് ചെറിയ പായ്ക്കറ്റുകളിൽ നിറക്കും. അഞ്ച് ഗ്രാം തൂക്കമുള്ള ഒരു പായ്ക്കറ്റിന് 300 രൂപക്കാണ് ഇവര് വിൽക്കുന്നത്. ഈ സംഘത്തിന്റെ അറസ്റ്റോടെ വിദ്യാലയ പരിസരങ്ങളിലും മറ്റും ലഹരി ഉൽപന്നങ്ങൾ വിൽക്കുന്നവരെ കുറിച്ച് ചില വിവരങ്ങൾ ലഭിച്ചതായും അവര് നിരീക്ഷണത്തിലാണ്. ഡിവൈഎസ്പി എം.പി. മോഹനചന്ദ്രൻ, എഎസ്പി സുജിത്ദാസ്, സിഐ സാജു. കെ. അബ്രഹാം, എഎസ്ഐ സുരേന്ദ്രൻ എന്നിവരുടെ നേതൃത്വത്തിൽ എൻ.വി.ഷെബീർ, ദിനേശ് കിഴക്കേക്കര, നെവിൻ പാസ്ക്കൽ, അനീഷ്, എൻ.ടി.കൃഷ്ണകുമാർ, സി.പി. മുരളി എന്നിവരടങ്ങിയ സംഘമാണ് പ്രതികളെ പിടികൂടിയത്.